(ഡി) ഫണ്ട് കാര്യക്ഷമമായും സത്യസന്ധമായും വിനിയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്തുവരുന്നു.

1. ഓരോ വർഷവും ഓരോ വന്യജീവി സങ്കേതത്തിനും പ്രത്യേകം പ്രത്യേകം വാർഷിക പദ്ധതികൾ തയ്യാറാക്കുകയും അവയിൽ ഓരോന്നിനും ഇനങ്ങൾ തിരിച്ച് ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരം വാങ്ങുകയും ചെയ്യുന്നു. കേന്ദ്ര വിഹിതത്തിന്റെ ഫണ്ടിന്റെ കാര്യത്തിൽ വാർഷിക പദ്ധതി കേന്ദ്രസർക്കാർ അംഗീകരിക്കുന്നുണ്ട്.

2. പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഓരോ ഡിവിഷനിലും വിവിധ വിഭാഗങ്ങളിൽപ്പെട്ട പരിശീലനം ലഭിച്ചവരും യോഗ്യതയുള്ളവരും ആയ ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത്.

3. യഥാസമയം ഉയർന്ന ഉദ്യോഗസ്ഥൻമാർ ഫീൽഡ് പരിശോധന നടത്തിവരുന്നുണ്ട്.

4. വകുപ്പിലെ വിജിലൻസ് വിഭാഗം പണികളുടെ മിന്നൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ പണികളുടെ അവലോകനവും നടത്താറുണ്ട്.

5. ഓരോ ഡിവിഷനിലെ കണക്കുകൾ കേരളത്തിലെ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) യഥാസമയം പരിശോധിക്കുന്നുണ്ട്.

(ഇ) കഴിഞ്ഞ നാലു വർഷത്തിനുള്ള ബുക്കുചെയ്ത കേസ്സുകളുടെയും കോടതിയിൽ ചാർജ്ജു ചെയ്ത കേസുകളുടെയും വിവരം താഴെ ചേർക്കുന്നു.

| വർഷം | ബുക്കു ചെയ്ത കേസ്സ് | കോടതിയിൽ ചാർജ്ജ് ചെയ്തത് | കോംപൗണ്ട് ചെയ്തത് |
|---|---|---|---|
| 1996 | 76 | 26 | 6 |
| 1997 | 41 | 5 | 3 |
| 1998 | 140 | 24 | 3 |
| 1999 | 50 | 2 | - |

ബാക്കിയുള്ള കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) റാന്നി റെയിഞ്ചിൽ രാജംപാറ ഫോറസ്റ്റ് സ്റ്റേഷനിൽ ഇത്തരത്തിലുള്ള ഒരു കേസ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഒ.ആർ. 7/98). ഈ കേസ്സിൽ 2 പോലീസ് കോൺസ്റ്റബിൾ ഉൾപ്പെടെ ആറുപേരെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരക്കിയിട്ടുണ്ട്.

(ജി) റാന്നി റെയിഞ്ചിലെ രാജംപാറ ഫോറസ്റ്റ് സ്റ്റേഷനിലെ ഒ. ആർ. 7/98 നമ്പർ കേസ്സ് കോട്ടയം ക്രൈയിംബ്രാഞ്ച് സി.ഐ.ഡി.യുടെ അന്വേഷണത്തിലാണ്.

## ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഏജന്റുമാരുടെ ഇടപെടൽ

**89(1013)** ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വിവിധ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഇപ്പോഴും ഏജന്റുമാരുടെ ഇടപെടൽ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുവാൻ നടപടി സ്വീകരിക്കുമോ;

(സി) വാഹന ഉടമകൾ നേരിട്ട് ഓഫീസുകളിൽ വരുമ്പോൾ ഉദ്യോഗസ്ഥൻമാർ നടപടികളിൽ മനഃപൂർവ്വം കാലതാമസം വരുത്തുന്നതായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം ഉദ്യോഗസ്ഥൻമാരുടെ മേൽ കർശന നടപടി സ്വീകരിക്കുമോ;

(ഇ) ട്രാൻസ്പോർട്ട് ആഫീസുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുവാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും ജന പ്രതിനിധികളുടെയും വാഹന ഉടമകളുടെയും ട്രാൻപോർട്ട് തൊഴിലാളികളുടെയും പ്രതിനിധികളടക്കം ഒരു വിജിലൻസ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ചില സ്ഥലങ്ങളിൽ ഇപ്പോഴും ഏജന്റുമാരുടെ ഇടപെടൽ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) പരാതി ലഭിച്ചാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഇ) അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെ കണ്ടുപിടിക്കുന്നതിനും അവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമായി അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ വിജിലൻസ് ഓഫീസറായി ഒരു വിജിലൻസ് സെൽ ഈ വകുപ്പിൽ ഇപ്പോൾ തന്നെ സജീവമായി പ്രവർത്തിച്ചുവരുന്നു. ആവശ്യമെന്നു കണ്ടാൽ പരിഗണിക്കാവുന്നതാണ്.

## മോട്ടോർ വാഹന നികുതി കുടിശ്ശിക

**90(1014)** ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നികുതിയിനത്തിൽ 2000 മാർച്ച് 31-ലെ കുടിശ്ശികയെത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഫീൽഡ് സ്റ്റാഫിന്റെ അപര്യാപ്തതയാണ് നികുതി പിരിവ് കുറയ്ക്കുന്നതിന് കാരണമെന്ന് 1998-99-ലെ കൺട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) മോട്ടോർ വെഹിക്കിൾസ് വകുപ്പിൽ വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly